## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1891 04.05.2017- ൽ മറുപടി**

**"ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി & പ്രമോഷൻ"**

**ചോദ്യം**

**ശ്രീ.പി.സി. ജോർജ്**

**ഉത്തരം**

**ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ വനിതകളുടെയും എസ്.സി./എസ്.റ്റി. വിഭാഗങ്ങളുടെയും ബിസിനസ്സ് സംരംഭം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്രഗവൺമെന്റിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി & പ്രമോഷൻ (DIPP) പദ്ധതിയിൽപ്പെടുത്തി വിവിധ ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ സെന്റർ വഴി നടപ്പാക്കുന്ന സ്റ്റാന്റ് അപ് ഇന്ത്യ പദ്ധതി സംസ്ഥാനത്തുള്ള പ്രധാന ബാങ്കുകൾ വഴി നടപ്പിലാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഈ പദ്ധതിയ്ക്ക് വേണ്ടി ബാങ്കിൽ നിന്നും സെക്യൂരിറ്റി (വസ്തു, മറ്റ് വകകൾ) വാങ്ങരുതെന്ന നിബന്ധന ഉള്ളകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) & സി) | അത്തരം നിബന്ധന ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | എന്നിട്ടും പല ബാങ്കുകാരും, സെക്യൂരിറ്റി ചോദിയ്ക്കുന്നതു മൂലം പല വനിതകളും എസ്.സി./എസ്.റ്റി. വിഭാഗം ആൾക്കാരും സെക്യൂരിറ്റിയായി വസ്തുക്കളും മറ്റും ബാങ്കുകൾക്ക് | | |

| | | | |
|---|---|---|---|
| | കൊടുക്കുവാൻ ഇല്ലാത്തതിനാൽ പല നല്ല സംരംഭങ്ങളിൽ നിന്നും പിൻതിരിഞ്ഞ് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ച് ഈ പുതുവ്യവസായ സംരംഭകരെ സഹായിക്കുമെന്ന് വിശദമാക്കുമോ; | | |
| ഡി) | സ്റ്റാന്റ് അപ് ഇന്ത്യ പദ്ധതി പ്രകാരം എത്ര രൂപ വരെയാണ് ലോൺ കൊടുക്കുന്നതെന്ന് വിശദമാക്കുമോ; | ഡി) | സ്റ്റാന്റ് അപ്പ് ഇന്ത്യ പദ്ധതി പ്രകാരം 10 ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെയാണ് വായ്പ നൽകുന്നത്. |
| ഇ) | ഈ ലോണിന്റെ പലിശനിരക്കും തിരിച്ചടവും ഏത് രീതിയിലെന്ന് വിശദമാക്കുമോ; | ഇ) | പ്രത്യേക റേറ്റിംഗ് കാറ്റഗറിയിൽ ബാങ്ക് ഈടാക്കുന്ന പലിശ നിരക്കിന്റെ ഏറ്റവും താഴ്ന്ന നിരക്കിലുള്ള പലിശ മാത്രമേ ഈ പദ്ധതി പ്രകാരം ഈടാക്കാവൂ. ഏഴ് വർഷം കൊണ്ടാണ് ഈ വായ്പ തിരിച്ചടയ്ക്കേണ്ടത്. പരമാവധി മൊറട്ടോറിയം പിരീഡ് 18 മാസം ആയിരിക്കും. |
| എഫ്) | സ്റ്റാന്റ് അപ് ഇന്ത്യ പദ്ധതി പ്രോത്സാഹിപ്പിക്കുവാൻ എന്തൊക്കെ കാര്യങ്ങൾ അപേക്ഷകർക്ക് ചെയ്തു കൊടുക്കുവാൻ വ്യവസായ വകുപ്പിന് സാധിക്കുമെന്ന് വിശദമാക്കുമോ? | എഫ്) | സംരംഭകന്റെ പരിജ്ഞാനത്തിന്റേയും, കഴിവിന്റേയും അടിസ്ഥാനത്തിൽ നടത്തി വിജയിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള ഉൽപ്പന്നങ്ങൾ കണ്ടെത്തി പദ്ധതി രേഖ തയ്യാറാക്കി ബാങ്കുകളിലേക്ക് നൽകാൻ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ സഹായിക്കുന്നു. സാങ്കേതികമായും, മാനേജീരിയൽ ആയും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു. കൂടാതെ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാകുന്നതിനുള്ള കൈത്താങ്ങ് സഹായം വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർ നൽകുന്നു. |

**സെക്ഷൻ ഓഫീസർ**